കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.lfa.kerala.gov.in

കണിച്ചാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

**e-mail:doknr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11/343/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി : 09.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
കണിച്ചാർ ഗ്രാമ പഞ്ചായത്ത്
സർ.
വിഷയം : കണിച്ചാർ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

-------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്

13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കണിച്ചാർഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈറിപ്പോർട്ടിലെ ഭാഗം-2 ഭാഗം3-എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത

ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )
ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11/343/2019 തീയ്യതി : 09.04.2019

# കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന്

വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 13.9.2017മുതൽ 10.3.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള

തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്ത്വവും ഉണ്ടായിരിക്കുന്നതല്ല

എ**)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ്നടത്തുവാൻചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ | ശ്രീ. ശശികുമാർ എം.പി |

| | |
|---|---|
| പേര് / ഉദ്യോഗപ്പേര് | ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11/3/2019മുതൽ 19/3/2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ) |
| 2 | ശ്രീ .ഷഹീൻ .പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ .മനോഹരൻ .എ. വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| 4 | ശ്രീമതി.വനജ മാടത്താൻകണ്ടി | ഓഡിറ്റർ |

1-നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.സെലിൻമാണി | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ.സുതേശൻ മമ്മാലി | 1.04.2017 മുതൽ 31.3.2018 വരെ |

2- മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി | ശ്രീ.ജോർജ്ജ്. കെ. | 1.4.2017 മുതൽ |

| | | |
|---|---|---|
| ഓഫീസർ | ജെ, | 31.3.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | ശ്രീ.ജലാലുദ്ദീൻ കെ.വി | 1.4.2017 മുതൽ 31.3.2018വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.മണിമോഹൻ | 1.4.2017 മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയ്യുർവേദ) | ഡോ.ഡോണിയതോമസ് | 1.4.2017 മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അനീറ്റ കെ ജോസി | 1.4.2017 മുതൽ 31.3.2018വരെ |
| മെഡിക്കൽ | ഡോ.മനോജ് | 1.4.2017 മുതൽ |

| | | |
|---|---|---|
| ഓഫീസർ (ഹോമിയോ) | കുമാർ | 31.3.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.പി ബാലകൃഷ്ണൻ | 1.4.2017 മുതൽ 31.3.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ഇബ്നു മഷൂദ് | 1.4.2017മുതൽ18-10-2017വരെ |
| | ശ്രീ.ജോമോൻ പൌലോസ് | 19.10.2017മുതൽ31.3.2018 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.അമിത.എം. കേളപ്പൻ | 1.4.2017 മുതൽ31.3.2018വരെ |
| ഹെഡ് | ശ്രീമതി. മേരി | 1.4.2017മുതൽ |

| | | |
|---|---|---|
| മിസ്ട്രസ്സ് | എം.ജെ | 31.3.2018വരെ |

ഉള്ളടക്കം

## ഭാഗം 1

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-12 |


## ഭാഗം-II

## വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ

| | | |
|---|---|---|
| 13 | വസ്തു നികുതി പരിഷ്കരണം അന്തിമവിജ്ഞാപനം തയ്യാറാക്കിയില്ല. | 2-1 |
| 14 | തൊഴിൽ നികുതി അപാകങ്ങൾ | 2-2 |
| 15 | ഡി & ഒ ലൈസൻസ് അപാകങ്ങൾ | 2-3 |
| 16 | സേവന ഉപനികുതി ചുമത്തുന്നില്ല. | 2-4 |
| 17 | ഇ ടെണ്ടർ തുക തിരികെ ഈടാക്കേണ്ടത് | 2-5 |

## ഭാഗം-III

## ചെലവ് കണക്കുകളിലെ ഓഡിറ്റ്

നിരീക്ഷണങ്ങൾ

| | | |
|---|---|---|
| 18 | പ്രിന്റിംഗ് ചാർജ് കവട്ടേഷൻ നിരക്കിലും അധികം നല്കിയത് ₹ 27790 നിരാകരിക്കുന്നു. | 3-1 |
| 19 | ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്തതിന് യാത്രബത്ത അനുവദിക്കുമ്പോൾ യഥാർത്ഥ യാത്രബത്തയുടെ 50% ൽ പരിമിതപ്പെടുത്തിയിട്ടില്ല.₹ 1400 രൂപ നിരാകരിക്കുന്നു. | 3-2 |
| 20 | വാഹന ഇൻഷൂറൻസ് കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ് | 3-3 |
| 21 | ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിൽ എടുക്കുന്നതിലെ അപാകങ്ങൾ | 3-4 |
| 22 | കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. 10000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 |

| | | |
|---|---|---|
| 23 | കുടിവെള്ള പദ്ധതി വൈദ്യുതി ചാർജ് ഗുണഭോക്തൃ സമിതി ഒടുക്കുന്നില്ല. | 3-6 |
| 24 | തെരുവ് വിളക്ക് റിപ്പയർ A M C- ആവശ്യമായ രേഖകളില്ലാത്തതിനാൽ ₹ 18,000 തടസ്സപ്പെടുത്തുന്നു | 3-7 |
| 25 | തെരുവ് വിളക്ക് പരിപാലനം എ.എം.സി. നിലനിൽക്കെ മറ്റൊരു വ്യക്തിക്ക് തുക അനുവദിച്ചു. | 3-8 |
| 26 | കമ്പ്യൂട്ടർ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 3-9 |
| 27 | സെർവ്വർ ഓപ്പറേറ്റിംഗ് സിസ്റ്റം കെൽട്രോണിൽ നിന്നും ടെണ്ടർ ഒഴിവാക്കി വാങ്ങിച്ചത് - ഉത്തരവിന്റെ ലംഘനം | 3-10 |
| 28 | ബസ് സ്റ്റാൻഡിലേയ്ക്ക് രണ്ട് ഹൈമാസ്റ്റ് ലൈറ്റും | 3- |

| | | |
|---|---|---|
| | ,മാർക്കറ്റ് സെന്ററിലേയ്ക്ക് സോളാർ പാനലും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ,വിനിയോഗിക്കാത്ത ₹ 5,93,479 തിരികെ ഈടാക്കിയിട്ടില്ല | 11 |
| 29 | വൈദ്യുതീകരണം :-വയറിംഗ് പ്രവൃത്തി പൂർത്തിയായി 15മാസം കഴിഞ്ഞിട്ടും വൈദ്യുതി ലഭിച്ചില്ല -നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-12 |
| 30 | ഡി.പി.സി അംഗീകരിച്ച പദ്ധതിക്കനുസൃതമായി നിർവ്വഹണം നടത്താതിനാൽ നിർവ്വഹണത്തിലെ സുതാര്യത നഷ്ടപ്പെടുന്നു.ചെലവ് തുക 9,46,000/- തടസ്സപ്പെടുത്തുന്നു | 3-13 |
| 31 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക 12,99,990/- | 3-14 |

| | | |
|---|---|---|
| | രൂപ തടസ്സപ്പെടുത്തുന്നു | |
| 32 | കൊയ്ത്ത് യന്ത്രം വാങ്ങൽ - യന്ത്രം പാടശേഖരസമിതിക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക1,20,960/-രൂപ തടസ്സപ്പെടുത്തുന്നു | 3-15 |
| 33 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-16 |
| 34 | മതിപ്പുവിലയ്ക്കനുസരിച്ചുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാത്തത് | 3-17 |
| 35 | നെടുംപുറം ചാൽ പൂളക്കുറ്റി റോഡ് ഡ്രെയിനേജ് പ്രവൃത്തി :-കൺവീനർക്ക് അധികം നല്കിയ 6981 രൂപ നിരാകരിക്കുന്നു | 3-18 |

| | | |
|---|---|---|
| 36 | കണിച്ചാർ എസ്.എന്റോഡ് ടാറിംഗ് പ്രവൃത്തി:-വാറ്റ് ഈടാക്കിയതിലെ കുറവ് കാരണം കൺവീനർക്ക് 2080 രൂപ അധികം നല്കി. | 3-19 |
| 37 | ബിറ്റുമിൻ വാങ്ങൽ പെട്രോളിയം കമ്പനികൾക്ക് അധികം നല്കിയ 56,180 രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-20 |
| 38 | പന്തപ്ലാക്കൽ കോളനി കിണർ ആഴം കൂട്ടലും ഭിത്തി നിർമ്മാണവും കണക്കുകൾ ഹാജരാക്കിയിട്ടില്ല. 69420/- രൂപ തടസ്സപ്പെടുത്തുന്നു | 3-21 |
| 39 | ലൈഫ് അവസാന ഗഡു അനുവദിച്ച ഗുണഭോക്താക്കൾ കെട്ടിട നമ്പർ വാങ്ങുന്നില്ല. | 3-22 |
| 40 | സർക്കാർമുൻകൂർ അനുമതി വാങ്ങാതെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം | 3-23 |

| | | |
|---|---|---|
| | ഏർപ്പെടുത്തിയത് 1,30,200/-രൂപതടസ്സപ്പെടുത്തുന്നു | |
| 41 | മാർഗ്ഗരേഖാ നിർദ്ദേശപ്രകാരം പി.എം.സി. മീറ്റിംഗ് ചേരുന്നില്ല. | 3-24 |
| 42 | വീട് വാസയോഗ്യമാക്കൽ(എസ്.സി & എസ്.ടി)- സമയബന്ധിതമായി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 3-25 |
| 43 | പട്ടികജാതി,പട്ടികവർഗ്ഗമേഖല-പദ്ധതി ആസൂത്രണത്തിലും , നിർവ്വഹണത്തിലുമുണ്ടായ അപാകതകൾ | 3-26 |
| 44 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ് നൽകൽ - അപാകതകൾ | 3-27 |

| | | |
|---|---|---|
| 45 | ചാണപ്പറ പ്രദേശത്ത് വയോജന വിശ്രമ കേന്ദ്രം - സ്ഥലം ആസ്തി രജിസറ്ററിൽ ചേർക്കേണ്ടതാണ് | 3-28 |
| 46 | അഗതി രഹിത കേരളപദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടത് | 3-29 |


## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം


| | | |
|---|---|---|
| 47 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 48 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 49 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 50 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 51 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 52 | ഓഡിറ്റ് റിക്കവറി | 4-6 |
| 53 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 54 | ചാർജ് /സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-8 |
| 55 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 56 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 57 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

| | | |
|---|---|---|
| 58 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 59 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 59 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

**21/3/2017** തിയതിയിലെ 34/17 തീരുമാനപ്രകാരം 2017-18 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 6,95,958 |
| വരവ് | 5,92,75,000 |
| ആകെ | 5,99,70,958 |
| ചെലവ് | 5,92,07,000 |
| നീക്കിയിരിപ്പ് | 7,63,958 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 31/7/2018 | 2/6/2018 | തിരിച്ചയച്ചിട്ടില്ല |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 26.6.2018 ,27.6 .2018 | കെഎസ്എ/കെ.എൻ.ആർ /സി11/ 1072/ /18 തീയതി : 30.7.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെൻ്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 48,43,732 |
| വരവ് | 6,58,38,689 |
| ആകെ | 7,06,82,421 |
| ചെലവ് | 6,53,65,697 |
| നീക്കിയിരിപ്പ് | 53,16,724 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നി രിപ്പ് | എ.സി.ആർ പ്രകാരം അലോട്ട് മെൻ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്—ജനറൽ | **0** | 1,06,69,0 | 1,06,69,0 | 90,56,160 | 16,12,8 |

| | | | | | |
|---|---|---|---|---|---|
| (എ.സി.ആർ പ്രകാരം) | | 00 | 00 | | 40 |
| വികസനഫണ്ട് — എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 6,46,605 | 6,46,605 | 4,42,260 | 2,04,345 |
| വികസനഫണ്ട് — ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 52,27,875 | 52,27,875 | 52,13,355 | 14,520 |
| മെയിന്റനൻസ്റോഡ് (എ.സി.ആർ പ്രകാരം) | 0 | 64,85,000 | 64,85,000 | 63,71,857 | 1,13,143 |
| മെയിന്റനൻസ് റോഡിതരം (എ.സി.ആർ പ്രകാരം) | 0 | 25,91,000 | 25,91,000 | 19,94,501 | 5,96,499 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (എ.സി.ആർ പ്രകാരം) | 0 | 1,02,59,678 | 1,02,59,678 | 48,26,392 | 54,33,286 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്. ജി.ഡി.പി (എ.സി.ആർ പ്രകാരം) | | **0** | 1,88,99,800 | 1,88,99,800 | 18032607 | 8,67,193 |
| സാക്ഷരത | | 5,442 | 218 | 5,660 | 50 | 5,610 |
| ദുരിതാശ്വാസ നിധി | | 14,240 | 10,200 | 24,440 | 7,050 | 17,390 |
| എം.ജി.എൻ. ആർ.ഇ.ജി. എസ് | തൊഴിലാളികളുടെ കൂലി | **0** | 1,72,91,832 | 1,72,91,832 | 1,72,91,832 | **0** |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 9,01,975 | 9,01,975 | 9,00,975 | 1,000 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| പശ്ചിമഘട്ട വികസനം | | 3,14,862 | 45,35,624 | 48,50,486 | 45,08,150 | 3,42,336 |

| | | | | | |
|---|---|---|---|---|---|
| സമ്പൂർണ ശുചിത്വം | 3,77,739 | 1,36,245 | 5,13,984 | 87,805 | 4,26,179 |
| എസ്.എസ്.എ | 864 | 34 | 898 | 50 | 848 |
| ഐ.സി.ഡി.എസ് | 3,58,812 | 4,32,570 | 7,91,382 | 3,75,098 | 4,16,284 |
| എം.പി ഫണ്ട്. | 62,413 | 2,382 | 64,795 | 0 | 64,795 |
| ആശ്രയ ഘട്ടം2 | 0 | 1,60,995 | 1,60,995 | 0 | 1,60,995 |
| ഐടി ഡിപി-കോർപ്പസ് ഫണ്ട് | 28,77,311 | 0 | 28,77,311 | 6,44,519 | 22,32,792 |
| ബി ഫണ്ട് | | 52,500 | 52,500 | 52,500 | |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാന സർക്കാർ (ശുചിത്വം ,വിമുക്തി ,കേരളോത്സവം മുതലായവ) | | 6,88,921 | 2,78,500 | 9,67,421 | 4,38,896 | 5,28,525 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 5,86,000 | 11,25,000 | 17,11,000 | 9,23,464 | 7,87,536 |
| | ജില്ലാ പഞ്ചായത്ത് | 7,90,000 | 14,75,000 | 22,65,000 | 14,74,097 | 7,90,903 |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 28,30,603 | 5,46,97,942 | 5,75,28,545 | 5,47,86,255 | 27,42,290 |
| | ട്രഷറി അക്കൗണ്ട് | 5,11,914 | 57,21,000 | 62,32,914 | 52,21,539 | 10,11,375 |
| ഗുണഭോക്തൃ വിഹിതം | | 2,552 | 4,78,597 | 4,81,149 | 1,10,596 | 3,70,553 |

ജനറൽ പർപ്പസ് ഗ്രാന്റ് ₹ 57,21,000 ലഭിച്ചിട്ടുണ്ട് ഈ ഗ്രാന്റിന് മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , ഈ ഇനത്തിന്റെ മുന്നിരിപ്പ് , ചെലവ് ,നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല

*വാർഷീക ധനകാര്യ പത്രികയിലെ മുന്നിരിപ്പും , നീക്കിയിരിപ്പും ആണ് ഉൾപ്പെടുത്തിയത്-തനത് ഫണ്ടിൽ ബാങ്ക് അക്കൗണ്ടിലെ വരവായെടുത്തിരിക്കുന്നത് റസീറ്റ് & പെയ്മെന്റ് പത്രികയിലെ തനത് വരവും, ട്രഷറി അക്കൗണ്ടിലെ വരവായെടുത്തിരിക്കുന്നത് ജനറൽ പർപ്പസ് ഗ്രാന്റ് വരവുമാണ്

വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് , വികസന ഫണ്ട്-എസ് സി പി എന്നിവ കുറഞ്ഞ ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. യഥാക്രമം **66%,68% -** തുക

ചെലവഴിച്ചിട്ടില്ലെങ്കിൽ ഫണ്ട് ലാപ്സാകുന്നതിനാൽ, വിഭാവനംചെയ്ത പദ്ധതികൾ നിർവ്വഹണം നടത്തുവാൻ ആവശ്യമായ നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്. തൻവർഷംലഭിച്ച ഫണ്ട് പൂർണ്ണമായും ചെലവഴിക്കാത്തതിനാൽ ₹ 88.47ലക്ഷം ഫണ്ട് ലാപ്സായിട്ടുണ്ട്.

ഒ ഡി എഫിനായി ശുചിത്വ മിഷനിൽ നിന്നും , ബ്ലോക്ക് വിഹിതമിനത്തിലും ലഭിച്ച ₹ 8,22,025 തനത് ഫണ്ടിൽ നീക്കിയിരിപ്പുണ്ട്. ഈവർഷം ഒ ഡി എഫിനായി പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. കൂടാതെ ടോട്ടൽ സാനിറ്റേഷൻ ഇനത്തിൽ ലഭിച്ച തുകയിൽ ₹4,26,179 തനത് ഫണ്ടിൽ നീക്കിയിരിപ്പുണ്ട്. തുക ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| **174** | 70208418 | **131** | 49305220 | **34** | **43** | **55.74** |

| നിർവഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രൊജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | **5944429** | **20** | **3376634** | **15** | **75** |
| വി.ഇ.ഒ | **2317101** | **3** | **2317000** | **3** | **100** |
| അസി. എഞ്ചിനിയർ | **46847552** | **94** | **31920938** | **63** | **67.02** |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2447085 | 10 | 1890310 | 8 | 80 |
| വെറ്റിനറി സർജൻ | 3984000 | 8 | 2413990 | 8 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 616000 | 5 | 602226 | 5 | 100 |
| മെഡിക്കൽ ഓഫീസർ - ആയുർവേദ | 300000 | 1 | 300000 | 1 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 240000 | 2 | 239950 | 2 | 100 |
| ഹെഡ് മാസ്റ്റർ | 1451000 | 10 | 1408530 | 10 | 100 |
| ഐ.സി.ഡി.എസ് | 3162550 | 5 | 3130884 | 5 | 100 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈവെസർ | | | | | |
| അസി.സെക്രട്ടറി | **2898701** | **16** | **1704758** | **11** | **68.75** |

<u>പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പും</u>

പതിമൂന്നാം പഞ്ചവത്സരപദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിനായി ആസൂത്രണസമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ തീയതി, 9-1-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

17-1-2017 ന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പും പുനസംഘടിപ്പിച്ചിട്ടുണ്ട്. 20 അംഗങ്ങൾ ഉൾപ്പെടുന്ന ആസൂത്രണ സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്. ആസൂത്രണ സമിതി തൻവർഷം 17-1-2017 നും,17-5-2017 നും 2 യോഗം

ചേർന്നിട്ടുണ്ട്-

<u>വർക്കിംഗ് ഗ്രൂപ്പ്</u>

ഗ്രാമ പഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 25-2-2017 ന് പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പ് യോഗംചേർന്ന് ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചകളും നടത്തിയിട്ടുണ്ട് -

<u>സ്റ്റാൻഡിംഗ് കമ്മിറ്റി</u> -ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നുണ്ട് ,നവംബർമാസം മുതൽ കൂടിയ യോഗങ്ങളിൽ നികുതിപിരിവ് അവലോകനം നടത്തുന്നുണ്ട്. 100% നികുതി പിരിവ് കൈവരിയ്ക്കുന്നതിനായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംഗീകരിച്ചതിൽ നിന്നുമുള്ള ബജറ്റ്

വ്യതിയാനങ്ങൾ പുതുക്കിയിട്ടുണ്ട്. 2018-19 ബജറ്റ് തയ്യാറാക്കുന്നതിനായി ഘടക സ്ഥാപന മേധാവികളിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിനായി തീരുമാനിക്കുകയും ലഭിച്ചവ ചർച്ചകൾക്കായി വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ്,ആസൂത്രണ സമിതി യോഗം കൂടുന്നതിനും , വികസന സെമിനാർ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും, പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്യാൻ വികസന കാര്യസ്റ്റാൻഡിംഗ് കമ്മിറ്റി 7-4-2017 (നം 7/17) തീരുമാനിച്ചിട്ടുണ്ട്.

<u>വികസന സെമിനാർ</u>- 24-5-2017ന് വികസന സെമിനാർ യോഗം ചേർന്നിട്ടുണ്ട്. സെമിനാറിൽ 222 പേർ പങ്കെടുത്തിട്ടുണ്ട്.

പരമാവധി ജനപങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനത്തിന്റെ 2017-18 വാർഷീക പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച വികസന സെമിനാർ വളരെ വൈകിയാണ് യോഗം ചേർന്നത്.

ജില്ലാ ആസൂത്രണ സമിതി അംഗീകാരം -

**2017-18** വാർഷീക പദ്ധതികൾ 05-05-2017ന് മുൻപ് അംഗീകാരം നേടണം എന്ന് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും ജില്ലാ ആസൂത്രണ സമിതിയുടെ 82/2017 /DPC/DPO/ KNR/തീയതി 31-5-2017 പ്രകാരം വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. അന്തിമ അംഗീകാരം 82/2017 /DPC/DPO/ KNR/തീയതി 1-2-2018 പ്രകാരം വാർഷിക പദ്ധതികൾക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്

മോണിറ്ററിംഗ്

സ.ഉ(എം.എസ്) നം.72/2017 തസ്വഭവ തീയതി 29-03-2017 ഉത്തരവ് ഖണ്ഡിക 14.6 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് എന്നും അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി രൂപീകരിച്ചിട്ടില്ല.

ഗ്രാമ സഭ- - തൻവർഷം 4 ഗ്രാമ സഭായോഗം ചേർന്നിട്ടുണ്ട്. 4/17 ,6/17 ,12/17 ,3/18 എന്നീ മാസങ്ങളിൽ യോഗം ചേർന്നിട്ടുണ്ട് . യോഗങ്ങളിൽ നിശ്ചിത ക്വാറം തികയുന്നതിനുള്ള ജന പ്രാതിനിധ്യം ഉണ്ടായിട്ടുണ്ട്.

## 1-7 മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 901975 | 901975 | 900975 | 1000 |
| ഗുണഭോക്താക്കൾക്ക്നേരിട്ട് നൽകുന്നത് | 0 | 17291832 | 17291832 | 17291832 | 0 |
| ആകെ | 0 | 18193807 | 18193807 | 18192807 | 1000 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി വേതനം | 1159700 | 106 |
| വിധവാപെൻഷൻ | 6100000 | 501 |
| വാർദ്ധക്യകാലപെൻഷൻ | 14879400 | 1179 |
| വികലാംഗപെൻഷൻ | 1932900 | 162 |
| 50വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 204300 | 22 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15/3/2019-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ

സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 2,590 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

2017-18 – ൽ ആകെ 8 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. 2017ജനുവരിയ്ക്ക് ശേഷം ജീവനക്കാരുടെ യോഗം ചേർന്നത് 17-5-2017 നാണ്. 2016-17 ൽ 100% നികുതി പിരിവ് കൈവരിച്ചതിന് ജീവനക്കാർക്ക് അഭിനന്ദനം നൽകുക എന്നതായിരുന്നു ഈയോഗത്തിലെ മുഖ്യ അജണ്ട. ഫ്രണ്ട് ഓഫീസ് കാര്യക്ഷമമാക്കൽ, സാംഖ്യ ഇന്റഗ്രേഷൻ വാർഷിക പദ്ധതി നിർവ്വഹണം എന്നിവ വിവിധ യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. മീറ്റിംഗിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം 4 യോഗങ്ങളിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഓഫീസ് പ്രവർത്തനങ്ങളുടെ

മൊത്തത്തിലുള്ള അവലോകനം നടത്തുന്നതിനായി പ്രതിമാസ യോഗം കൂടേണ്ടതാണ്.

പുതുതായി ജോലിയിൽ പ്രവേശിക്കുന്നവരുടേയും, അധികചുമതല നൽകുന്നവരുടേയും വിവരങ്ങളും, നികുതി പിരിവിനായി ഓരോ ജീവനക്കാർക്കും പ്രതി ദിന ടാർജറ്റ് നിശ്ചയിക്കുന്നതിനായി ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ജോലി വിഭജിച്ചുകൊണ്ടുള്ള സമഗ്ര ഉത്തരവ് ഇക്കാലയളവിൽ പുറപ്പെടുവിച്ചിട്ടില്ല ഇൻകുംബെൻസി മാസ്റ്റർ രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി എഴുതിയിട്ടില്ല

ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നുണ്ടങ്കിലും, ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ

തീർപ്പാക്കിയതിന്റെയോ വിവരങ്ങൾരേഖപ്പെടുത്തിയിട്ടില്ല. റണ്ണിംഗ് നോട്ട് സൂക്ഷിക്കുന്നില്ല.

രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതിസൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലകൾ നിർവ്വഹിക്കുയും ചെയ്താലേ ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും സുഗമവുമായ നടത്തിപ്പ് സാദ്ധ്യമാകുകയുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓാഡിറ്റ് | 06/03/2019 | 01/02/2019 മുതൽ 28/2/2019 വരെ | 07/03/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓാഡിറ്റ് | 05/09/2011 മുതൽ 15/09/2011 വരെ | 2008-09 മുതൽ 2010-11 വരെ | 6/2/2012 |

## 1-12 വാർഷിക കണക്കിലെ അപാകങ്ങൾ.

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഓാഡിറ്റ് വേളയിലും പരിഹരിയ്ക്കാത്ത അപാകങ്ങൾ താഴെ പറയുന്നു

1-സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി

കളക്ഷൻ വാർഷിക ധനകാര്യപത്രികയിലെRP-43 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

2- I-18 ഷെഡ്യൂളിലെ prior period income -Property tax തുകയുടെ വിശദാംശങ്ങൾ വ്യക്തമല്ല

3-ഡെപ്പോസിറ്റ് രജിസ്റ്ററിൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ ഇനം തിരിച്ച് രേഖപ്പെടുത്തുന്നില്ല

4-ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി പരിഷ്കരണം

## അന്തിമവിജ്ഞാപനം തയ്യാറാക്കിയില്ല.

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14-01-2011ലെ സ.ഉ.(അ) നമ്പർ 19/11, 20/11 വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങൾ അനുസരിച്ച് കണിച്ചാർ ഗ്രാമ പഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 01-04-11 മുൻകാല പ്രാബല്യത്തോടെ പുതുക്കിനിശ്ചയിക്കാൻ ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചിരുന്നു (നമ്പർ 39/2011, 07-06-2011). ഇതുപ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച കരട് വിജ്ഞാപനം താത്കാലികമായി പുറപ്പെടുവിച്ചിട്ടുണ്ട് (വിജ്ഞാപനത്തിൽ ഫയൽ നമ്പർ, തീയ്യതി രേഖപ്പെടുത്തിയിട്ടില്ല). പരിഷ്കരിച്ച നികുതി സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആക്ഷേപവും അഭിപ്രായങ്ങളും

അറിയിക്കുന്നതിന് 30 ദിവസത്തെ കാലാവധി നൽകി വിജ്ഞാപനം പത്രത്തിൽ പരസ്യം ചെയ്തിട്ടുണ്ട്. എന്നാൽ 30 ദിവസങ്ങൾക്കു ശേഷം ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അഭാവത്തിൽ വസ്തുനികുതി നിരക്ക് അന്തിമവിജ്ഞാപനം ചെയ്തിട്ടില്ല. പരിഷ്കരണ നടപടികളുമായി ബന്ധപ്പെട്ട ഫയലിൽ കരട് വിജ്ഞാപനത്തിന്റെ പകർപ്പും പത്രപരസ്യവും മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. അപാകം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 7/17-18, തീയ്യതി : 13-03-2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 2-2 തൊഴിൽ നികുതി അപാകങ്ങൾ

1) തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ഗ്രാമ

പഞ്ചായത്ത് പരിധിയിൽ ശമ്പളത്തിനോ വേതന ത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) താഴെപ്പറയുന്ന സ്ഥാപനങ്ങൾ/ ജീവനക്കാർ 2017-18 വർഷത്തെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ /ജീവനക്കാരന്റെ പേര് | ഏത് അർദ്ധവർഷം |
|---|---|---|
| 1 | അണുങ്ങോട്, കണിച്ചാർ, കൊളക്കാട്, നെടുംപുറംചാൽ | ഒരു സ്ഥാപനത്തിന്റെ സ്ഥാപനനികുതി മാത്രമേ ഒടുക്കിയിട്ടുള്ളൂ.എല്ലാ സ്ഥാപനങ്ങളുടേയും |

| | | |
|---|---|---|
| | കള്ളുഷാപ്പുകൾ | രണ്ട് അർദ്ധവർഷത്തേയും സ്ഥാപന നികുതി ഈടാക്കേണ്ടതാണ് |
| 2 | സെക്രട്ടറി, പൂളക്കുറ്റി ക്ഷീരോൽപാദക സഹകരണ സംഘം | ഡി & ഒ ലൈസൻസ് ഫീ ഒടുക്കിയിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 3 | സെക്രട്ടറി, പൂളക്കുറ്റി സർവ്വീസ് സഹകരണ ബാങ്ക് വളം വില്പന കേന്ദ്രം | സ്ഥാപന തൊഴിൽനികുതി ഒന്ന്,രണ്ട് അർദ്ധവർഷം | - |

മേൽ സ്ഥാപനങ്ങളിൽ / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3) 2017-18 വർഷത്തെ ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ ജീവനക്കാരുള്ള ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നമ്പർ | ഉടമയുടെ /സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | ഒടുക്കിയ ലൈസൻസ് ഫീ/ തീയ്യതി |
|---|---|---|---|---|
| 1 | 9 | വിനോജ് വി പി | 3 | 100/-, 1160210277/25-02-17 |

| | | | | |
|---|---|---|---|---|
| 2 | 23 | സെക്രട്ടറി, ഓടംതോട് ക്ഷീരോൽപാദക സഹകരണ സംഘം | 4 | 100/-, 1170201000081/20-04-17 |
| 3 | 39 | ജീജ സി, ഹോളോബ്രിക്സ് നിർമ്മാണം, വില്പന | 3 | 300/-, 117020100247/24-05-17 |

| | | | | |
|---|---|---|---|---|
| 4 | 43 | സപ്ലൈക്കോ മാവേലി സ്റ്റോർ, വള്ളിത്തോട് | 4 | 300/-, 11701100605/29-04-17 |
| 5 | 153 | സെക്രട്ടറി, പൂളക്കുറ്റി സർവ്വീസ് സഹകരണ ബാങ്ക് വളം വില്പന കേന്ദ്രം | 4 | 100/-, 117020101401, 06-01-18 |
| 6 | 158 | രമ എൻ, ഹോളോബ്രി | 6 | 300/-, 117020101595, |

| | | | | |
|---|---|---|---|---|
| | | ക്സ് നിർമ്മാണം, വില്പന | | 18-01-18 |
| 7 | 159 | തോമസ് പാമ്പാറയിൽ, സെന്റ് ജോർജ്ജ് സോമിൽ | 5 | 200/-, 117020101653, 22-01-18 |

സെക്രട്ടറി നാളിതുവരെയായി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളോട് 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17

പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. 2017-18 വർഷത്തിൽ ആകെ 450 അപേക്ഷകളിൽ ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ രണ്ടിൽക്കൂടുതൽ പേർ ജോലി ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ച് തൊഴിൽനികുതി ഒടുക്കേണ്ടവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

4) 2017-18 വർഷം താഴെപ്പറയുന്നവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

1.ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 20 അങ്കണവാടികളിലെ വർക്കർമാർ, ഹെൽപ്പർമാർ.

2.ഗ്രാമ പഞ്ചായത്ത് 2017-18 വർഷം വിവിധ

ആവശ്യങ്ങൾക്ക് ദിവസവേതനത്തിന് നിയമിച്ച ജീവനക്കാർ.

3.റേഷൻകട വ്യാപാരികൾ

4.അക്ഷയകേന്ദ്രം ജീവനക്കാർ.

5.സാക്ഷരത പ്രേരക് മാർ

മേൽപ്പറഞ്ഞവരിൽ നിന്നും വരുമാനത്തിനനുസരിച്ചുള്ള തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

5) 2017-18 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് കണിച്ചാർ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച റിട്ടേണുകൾ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 34, തീയ്യതി :

18-3-2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-3 ഡി & ഒ ലൈസൻസ് അപാകങ്ങൾ

വ്യാപാരികളുടെ തൊഴിൽ നികുതി രജിസ്റ്റർ ക്രമനമ്പർ 173, 174 – ശ്രീ. കല്ലുവേലിൽ ജോസഫ്, ശ്രീ. ഷിനോയ് ലാസർ എന്നീ കോഴിഫാം ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ഇവർക്ക് കോഴിഫാം നടത്തുന്നതിന് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടില്ല.

ഗസറ്റ് നോട്ടിഫിക്കേഷൻ വോള്യം 6 -2326 GO(P)NO.80/2017/LSGD തീയതി 31-10-2017 പ്രകാരം നിലവിലുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനു പകരം മൂലധനചെലവിന്റെ

അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട് (മേൽ സർക്കാർ ഉത്തരവ് പട്ടിക II കാണുക). ഇപ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

അപാകങ്ങൾ ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 2-4 സേവന ഉപനികുതി ചുമത്തുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമ പഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന

നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ച ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് നികുതി ചുമത്തുന്ന കാര്യം ഭരണസമിതിക്ക് പരിഗണിക്കാവുന്നതാണ്.

## 2-5 ഇ.ടെണ്ടർ ഫോറം വില തിരികെ ഈടാക്കേണ്ടത്

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല. ₹ 70,400 ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിക്കാനുണ്ട് . ഇ-ടെണ്ടർ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് .

## **ഭാഗം -3**

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രിന്റിംഗ് ചാർജ് ക്വട്ടേഷൻ നിരക്കിലും അധികം നല്കിയത് ₹27790 നിരാകരിക്കുന്നു.

പഞ്ചായത്തിലെ 2017-18 വർഷത്തെ പ്രിന്റിംഗ് പ്രവൃത്തികൾ നടത്തിയതിന് മുദ്ര ഓഫ് സെറ്റ് പ്രിന്റേഴ്സ് പേരാവൂർ എന്ന സ്ഥാപനത്തിന് 92775 രൂപ അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1) തദ്ദേശ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ ജി.ഒ.(പി) 259/2010 തീയതി 08-11-2010 പ്രകാരം 25000 രൂപക്ക് മുകളിലും 100000 രൂപയിൽ താഴെയും വരുന്ന സേവനങ്ങൾ

ലഭ്യമാക്കൽലിമിറ്റഡ് ടെണ്ടർ മുഖാന്തിരം നടത്തേണ്ടതാണ്. എന്നാൽ ഇവിടെ കട്ടേഷൻ മുഖേനയാണ് സേവനം ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് 9/13-03-2019 ചെലവ് 25000 രൂപയിൽ പരിമിതപ്പെടും എന്ന് കരുതിയാണ് കട്ടേഷൻ വിളിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ലഭിക്കേണ്ട സേവനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പിൽ വന്ന വീഴ്ചയാണിത് സൂചിപ്പിക്കുന്നത്. സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

2) സ്ഥാപനം ക്വാട്ട് ചെയ്ത തുകയിലും അധിക തുക അനുവദിച്ചു.

(1) വൗച്ചർ നമ്പർ 21700157/21-06-2017 പ്രകാരം 81905

| ക്രമ | ഇനം | സ്ഥാപനം | അനുവദിച്ച | അധികം |
|---|---|---|---|---|

| നമ്പർ | | കാട്ട് ചെയ്ത തുക | തുക | നല്കിയത് |
|---|---|---|---|---|
| 1 | വികസന രേഖ ബുക്ക് D 1/4 ( 500 എണ്ണം) കവർ പേജ് ഉൾപ്പടെ 50 പേജ് | 18800 (50 പേജിന് 500 ബുക്കിന്) | 36000 | 17200 |
| 2 | വാർഷിക പദ്ധതി കരട് D 1/4 ( 100 എണ്ണം) കവർ പേജ് ഉൾപ്പടെ | 8600 (50 പേജിന് 100 | 13500 | 4900 |

| | | | | |
|---|---|---|---|---|
| | 50 പേജ് | ബുക്കിന് ) | | |
| 3 | വാർഷിക പദ്ധതി അന്തിമം D 1/4 ( 100 എണ്ണം) കവർ പേജ് ഉൾപ്പടെ 50 പേജ് | 8600<br><br>(50 പേജിന് 100 ബുക്കിന്) | 13500 | 4900 |
| ആകെ | | | | 27000 |

(2)വൗച്ചർ നമ്പർ 21700658/09-02-2018 പ്രകാരം 10870

| ക്രമ നമ്പർ | ഇനം | സ്ഥാപനം ക്ലെയിം ചെയ്ത | അനുവദിച്ച തുക | അധികം നല്കിയത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തുക | | |
| 1 | നെല്ലിക്കുന്ന് അംഗൻവാടിയുടെ കെട്ടിട ഉദ്ഘാടന നോട്ടീസ് D 1/4 ( 400 എണ്ണം) | 520 | 620 | 100 |
| 2 | കാടമല തുടിയാട് റോഡ് നവീകരണ പ്രവൃത്തി ഉദ്ഘാടന നോട്ടീസ് D 1/4 ( 500 എണ്ണം) | 580 | 620 | 40 |
| 3 | നികുതി പിരവ് | 1450 | 2100 | 650 |

| | | | | |
|---|---|---|---|---|
| | ക്യാമ്പ് നോട്ടീസ് D 1/3 ( 1500 എണ്ണം) | | | |
| ആകെ | | | | 790 |

27790 രൂപ അധികം അനുവദിച്ചതിന് വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് വികസന രേഖ ബുക്ക് കളർ പേജുള്ളതിനാലും, പദ്ധതി രേഖ വിവിധ ഘട്ടങ്ങളിലായി പ്രിന്റ് ചെയ്തതിനാലുമാണ് അധിക തുക നല്കിയതെന്ന അറിയിക്കുകയുണ്ടായി. കളർ പേജിന് പ്രത്യേകം തുക ക്വാട്ടുചെയ്തിട്ടില്ലാത്തതിനാലും, ഘട്ടം ഘട്ടംമായി പ്രിന്റെടുക്കുന്നതിനും കൂടുതൽ തുക അനുവദിച്ചത് ശരിയല്ല. അധികം നല്കിയ 27790 രൂപ ബന്ധപ്പെട്ടവരിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

**3-2 ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്തതിന് യാത്രബത്ത അനുവദിക്കുമ്പോൾ യഥാർത്ഥ യാത്രബത്തയുടെ 50% ൽ പരിമിതപ്പെടുത്തിയിട്ടില്ല.₹1400 രൂപ നിരാകരിക്കുന്നു.**

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം-2-ചട്ടം 110 പ്രകാരം ഔദ്യോഗിക വാഹന യാത്രകൾക്ക്, ആകസ്മികചെലവുകൾക്ക് മാത്രമാണ് അർഹത. കുറഞ്ഞ ആകസ്മികചെലവ് ദിനബത്തയുടെ പകുതിയാണ്. താഴെ പറയുന്ന ദിവസങ്ങളിൽ ഔദ്യോഗിക വാഹനത്തിൽ യാത്ര ചെയ്തതിന് യാത്രബത്ത അനുവദിക്കുമ്പോൾ യഥാർത്ഥ

യാത്രബത്തയുടെ 50% ൽ പരിമിതപ്പെടുത്തിയിട്ടില്ല. 1400 രൂപ അധികം നല്കി. വിശദവിവരം ചുവടെ കൊടുക്കുന്നു.

ശ്രീമതി.സെലിൻ മാണി പ്രസിഡന്റ് ഗ്രാമ പഞ്ചായത്ത്

| ക്രമ നമ്പർ | വൗച്ചർ നമ്പർ തീയതി | യാത്ര വിവരം | അനുവദിക്കാവുന്ന യാത്രബത്ത | അനുവദിച്ച യാത്രബത്ത | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | 21700670 /9-02-2018 | കണിച്ചാർ - പേരാവൂർ | 200 | 400 | 200 |

| | | | | | |
|---|---|---|---|---|---|
| | | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് 09-08-2016 | | | |
| 2 | 21700670 /9-02-2018 | കണിച്ചാർ - കണ്ണൂർ കണ്ണൂർ ജില്ലാ പഞ്ചായ | 200 | 400 | 200 |

| | | | | | |
|---|---|---|---|---|---|
| | | ത്ത് 16-08-2016 | | | |
| 3 | 21700670/9-02-2018 | കണിച്ചാർ - പേരവൂർ പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് 19-08- | 200 | 400 | 200 |

| | | | | | |
|---|---|---|---|---|---|
| | | 2016 | | | |
| 4 | 21700671 /9-02-2018 | കണിച്ചാർ - പേരാവൂർ<br><br>പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്<br><br>28-09-2016 | 200 | 400 | 200 |
| 5 | 21700671 | കണിച്ചാ | 200 | 400 | 200 |

| | | | | | |
|---|---|---|---|---|---|
| | /9-02-2018 | ർ - പേരാവൂർ<br><br>പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്<br><br>30-09-2016 | | | |
| 6 | 21700676 /9-02-2018 | കണിച്ചാർ - പേരാവൂ | 200 | 400 | 200 |

| | | | | | |
|---|---|---|---|---|---|
| | | ർ<br>പേരാവൂ<br>ർ<br>ബ്ലോക്ക്<br>പഞ്ചായ<br>ത്ത്<br>13-02-<br>2017 | | | |
| ശ്രീ.സുതേശൻ മമ്മാലി, സെക്രട്ടറി അടിസ്ഥാന ശമ്പളം 55350 | | | | | |
| 7 | 21700780<br>/7-03-<br>2018 | കണിച്ചാ<br>ർ -<br>പേരാവൂ | 200 | 400 | 200 |

| | | | | | |
|---|---|---|---|---|---|
| | | ർ<br>പേരാവൂർ<br>ബ്ലോക്ക് പഞ്ചായത്ത്<br>25-09-2017 | | | |
| ആകെ | | | | | 1400 |

അധികം നല്കിയ 1400 രൂപ ബന്ധപ്പെട്ടവരിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-3 വാഹന ഇൻഷൂറൻസ് കേരള സംസ്ഥാന

## ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്

പഞ്ചായത്ത് വാഹനമായ KL.58/B/2622 ന്യൂ ഇന്ത്യ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത്. ഈ ഇനത്തിൽ 2017-18 വർഷം വൗച്ചർ നമ്പർ 21700470 തീയതി 09-11-2017 പ്രകാരം ₹10534 ചെലവഴിച്ചിട്ടുണ്ട്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷൂറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് അധീനതയിലുള്ള വാഹനത്തിന്റെ ഇൻഷൂറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് വഴി നടത്തേണ്ടതാണ്.

## 3-4 ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിൽ എടുക്കുന്നതിലെ അപാകങ്ങൾ

ഓഫീസ് സ്റ്റേഷനറി വാങ്ങിക്കുന്നതിലും സ്റ്റോക്കിലെടുക്കുന്നതിലുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഇനം | സ്ഥാപനം | വൗച്ചർ നമ്പർ തിയതി | തുക | അപാകങ്ങൾ |
|---|---|---|---|---|---|
| 1 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് | ജീനിയസ് ബുക്ക്സ് | 21700811/ 21-03-2018 | 18,002 | ബില്ലിൽ വിതരണം ചെയ്ത തീയതി രേഖപ്പെടുത്തിയിട്ടി |

| | | | | | |
|---|---|---|---|---|---|
| | വേണ്ടി സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് | മട്ടന്നൂർ | | | ല്ല. സ്റ്റോക്കിലെടുത്ത തിയതി രേഖപ്പെടുത്തിയിട്ടി ല്ല. 350 എം ബുക്ക് 30 രൂപ പ്രകാരം വാങ്ങിയിട്ടുണ്ടെ ങ്കിലും കൊട്ടേഷനിൽ പ്രസ്തുത ഇനം ഉൾപ്പെട്ടിട്ടില്ല. എം ബുക്ക് ലഭിച്ചത് സ്റ്റോക്കിലെടുത്തില്ല |

| | | | | | |
|---|---|---|---|---|---|
| | | | | | . ഇഷ്യൂ ചെയ്യുന്നത് മാത്രമാണ് കാണിക്കുന്നത്. |
| 2 | ഓഫീസ് ആവശ്യത്തിന് വേണ്ടി സ്റ്റേഷനറി വാങ്ങിയത് | ജീനിയസ് ബുക്ക്സ് മട്ടന്നൂർ | 217008 10/ 21-03-2018 | 20220 | ബില്ലിൽ വിതരണം ചെയ്ത തീയതി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്കിലെടുത്ത് തീയതി രേഖപ്പെടുത്തിയിട്ടില്ല. ഇഷ്യൂ ചെയ്യുന്നത് |

| | | | | | |
|---|---|---|---|---|---|
| | | | | | കാണിക്കുന്നില്ല. |
| 3 | പഞ്ചായത്ത് എൽ. എസ്. ജി. ഡി. സെക്ഷനിലേക്ക് ഫോട്ടോകോപ്പി എടുക്കുന്നതിനും, ഫോട്ടോകോപ്പി പേപ്പർ എ3, എ4 എന്നിവ | | 217005<br>04/<br>28-11-<br>2017 | 9967<br>- | ഫോട്ടോകോപ്പി എടുത്തതിന്റെ എണ്ണം, ഇനം എന്നിവ വ്യക്തമല്ല. ഫോട്ടോകോപ്പി പേപ്പർ എത്ര എണ്ണം വാങ്ങിയെന്നതിനും വ്യക്തതയില്ല. സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരവും |

| | | | | | |
|---|---|---|---|---|---|
| | വാങ്ങുന്നതിനും | | | | ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |

സ്റ്റേഷനറി വാങ്ങുമ്പോൾ തദ്ദേശ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ ജി.ഒ.(പി) 259/2010 തീയതി 08-11-2010 ൽ നിർദ്ദേശിച്ച പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് വാങ്ങുകയും ചെയ്യേണ്ടതാണ്. വാങ്ങിയ സാധനങ്ങൾ അതേ ദിവസം തന്നെ സ്റ്റോക്കിലെടുക്കേണ്ടതും വിതരണ വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

**3-5 കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. 10000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

WPC 35147/2016 നമ്പർ കേസിന്റെ വക്കാലത്ത് ഫീ ഇനത്തിൽ എം.കെ.അബൂബക്കർ അഡ്വക്കേറ്റിന് 10,000/- രൂപ (21700187/05-07-2017)അനുവദിച്ചിട്ടുണ്ട്. തുക കൈപ്പറ്റി രശീത് ഹാജരാക്കിയിട്ടില്ല. ഏത് കേസിനാണ് തുക അനുവദിച്ചതെന്നും, കേസിന്റെ നിലവിലെ അവസ്ഥയെന്തെന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (21/16-03-2019) മറുപടി ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ 10000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 കുടിവെള്ള പദ്ധതി വൈദ്യുതി ചാർജ് ഗുണഭോക്തൃ സമിതി ഒടുക്കുന്നില്ല.

ചാണപ്പാറ കുടിവെള്ള പദ്ധതി പമ്പ് ഹൗസ് വൈദ്യുതി ചാർജിനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 1911 രൂപ (വൗച്ചർ നമ്പർ 21700416/13-10-2017) ഒടുക്കിയിട്ടുണ്ട്. കുടിവെള്ള പദ്ധതി ഏത് വർഷം ആരംഭിച്ചതാണെന്നും ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും വ്യക്തമാക്കുന്നതിന് നല്കിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ഗുണഭോക്തൃസമിതിയാണ് വൈദ്യുതി ബിൽ ഒടുക്കുന്നതെന്ന് വാക്കാൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജി.ഒ.(എം.എസ്.) 80/2017/ധന തീയതി03.04.2017 ഖ.15.1 പ്രകാരം കുടിവെള്ള പ്രൊജക്ട് കൊണ്ട് പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ്

ഉണ്ടാക്കേണ്ടതാണെന്നും നിർമ്മാണം പൂർത്തിയാക്കിയ ശേഷം പ്രോജക്ടിന്റെ തുടർ നടത്തിപ്പും അറ്റകുറ്റ പണിയുടെ ചുമതലയും ഗുണഭോക്തൃഗ്രൂപ്പ് തന്നെ ഏറ്റെടുക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്ക് റിപ്പയർ A M C- ആവശ്യമായ രേഖകളില്ലാത്തതിനാൽ ₹ 18,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | തെരുവ് വിളക്ക് റിപ്പയർ A M C |

| | |
|---|---|
| പ്രോജക്ട് നം | 25/18 |
| അടങ്കൽ | 50,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 18,000 |
| എസ്റ്റിമേറ്റ് | 50,000 |
| ബിൽ നം &തീയതി | 37തീയതി -28-3-2018 |

തെരുവ് വിളക്ക് റിപ്പയർ A M C പ്രോജക്ടിനു വേണ്ടി ടെണ്ടർ നടപടികൾ സ്വീകരിക്കുകയും , 2 ടെണ്ടർ ലഭിക്കുകയും ചെയ്തിട്ടുണ്ട്

സിബി തോമസ് .എസ്റ്റിമേറ്റ് നിരക്ക്, മനോജ്. യു .എസ് എസ്റ്റിമേറ്റ് നിരക്കിൽ 10% കൂടുതൽ സിബി തോമസിന്റെ

ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു

സിബി തോമസിന്റെ ടെണ്ടറിൽ കരാറുകാരൻ കൃത്യമായ വിവരം നൽകിയിട്ടില്ല. ഒരോ തരം വിളക്കിനും എത്ര നിരക്ക് എന്ന് കാട്ട് ചെയ്തിട്ടില്ല. കരാർ പ്രകാരം വാർഷിക അറ്റകുറ്റ പണി നടത്താൻ തീരുമാനിച്ച തെരുവുവിളക്കുകളുടെ എണ്ണം, റിപ്പയർ കാലാവധി ,കരാർചമച്ച തീയതി, ഏത് ഉദ്യോഗസ്ഥനുമായിട്ടാണ് കരാർ ചമച്ചത് എന്നിവ കരാറിൽ രേഖപ്പെടുത്തിയിട്ടില്ല

റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം,തരം, ഇവ ഏതൊക്കെ സ്ഥലങ്ങളിലെ പോസ്റ്റുകളിലാണ് ചെയ്തത്, സ്പെയർ പാർട്ട് എത്ര എണ്ണം മാറ്റി, പുതിയത് എത്ര വച്ചു, ഗുണനിലവാരം ഉള്ളതാണോ, എന്ന് കരാറുകാരൻ

നിർവ്വഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയിട്ടില്ല. വിളക്കുകൾ റിപ്പയർ ചെയ്തതായി കെ എസ് ഇ ബി സാക്ഷ്യപത്രം നൽകിയിട്ടില്ല. ഇവയൊന്നും പരിശോധിക്കാതെ കരാറുകാരന് തുക നൽകിയത് ശരിയല്ല. കൂടാതെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും മാർഗരേഖ 2011 (സർക്കുലർ നമ്പർ 3055/ഡി.എ).3/2011 ത.സ്വ.ഭ.വ. 15-09-2011) ഖണ്ഡിക 2.എഫ് പ്രകാരം ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരം ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറയ്ക്ക് മൂന്നുമാസം കൂടുമ്പോൾ അടക്കേണ്ടതാണ്. റിപ്പയർചെയ്തു തുടങ്ങി 3മാസം കഴിഞ്ഞാൽ 12,500മാത്രമേ നൽകുവാൻ പാടുള്ളു.

തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തുന്ന രജിസ്റ്റർ, തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട

പരാതികൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ, കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ വിവരം രേഖപ്പെടുത്തുന്ന തെരുവു വിളക്കുകളുടെ സർവ്വീസ് രജിസ്റ്റർ എന്നിവ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല . കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.(ഇൻകം ടാക്സ് ആക്ട് - സെക്ഷൻ 194 c).

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ. -20തീയതി - 18-3-2019) ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ₹ 18,000 തടസ്സപ്പെടുത്തുന്നു.

## 3-8 തെരുവ് വിളക്ക് പരിപാലനം എ.എം.സി. നിലനിൽക്കെ മറ്റൊരു വ്യക്തിക്ക് തുക അനുവദിച്ചു.

തെരുവ് വിളക്ക് റിപ്പയർ ചാർജ് ഇനത്തിൽ വൗച്ചർ നമ്പർ 21700280/11-08-2017 പ്രകാരം 10944 രൂപ ശ്രീ.ടോം അഗസ്റ്റിൻ എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 4344 രൂപ ഉപകരണങ്ങളുടെ ചെലവും 6600 രൂപ സർവീസ് ചാർജുമാണ്. ഉപകരണങ്ങൾ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. പ്രോജക്ട് നമ്പർ 25/2018 പ്രകാരം തെരുവ് വിളക്ക് പരിപാലനത്തിന് പ്രോജക്ട് ഉണ്ടായിരിക്കെ പ്രോജക്ടിൽ ഉൾപ്പെടുത്താതെ തുക അനുവദിച്ചതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (21/16-03-2019ന്)പ്രോജക്ട് നടപ്പാക്കുന്നതിന് മുന്നേയുള്ള ചെലവാണെന്ന് വ്യക്തമാക്കുകയുണ്ടായി. തെരുവ് വിളക്ക് പരിപാലനം പ്രോജക്ട് തയ്യാറാക്കുയും അതിനു പുറമെ മറ്റൊരു

വ്യക്തിക്ക് തുക അനുവദിക്കുകയും ചെയ്തത് ശരിയായ നടപടിയല്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 3-9 കമ്പ്യൂട്ടർ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| പ്രോജക്ട് നം | 32/18 |
| അടങ്കൽ | 2,30,000(വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 2,28,378 |

| | |
|---|---|
| ബിൽ നം &തീയതി | 35തീയതി -21-3-2018 |

പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതിയിൽ, ടെണ്ടർ നടപടികളിലൂടെ, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ " ഇഗാപോ -ഐ ടി സൊലൂഷ്യൻസ് - “ -ൽ നിന്നും 4 കമ്പ്യൂട്ടർ, 1പ്രിന്ററർ, 1 സ്ക്കാനർ എന്നിവവാങ്ങിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിക്കേണ്ട ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ പി ഡബ്ല്യൂ ഡി -ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും നിശ്ചയിച്ചിട്ടില്ല. വാങ്ങിച്ച ഉപകരണങ്ങൾ നിശ്ചിത സ്പെസിഫിക്കേഷനോട് കൂടിയതാണെന്ന് പി ഡബ്ല്യൂ ഡി ഇലക്ട്രോണിക്സ് വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3-മേൽ പദ്ധതി പ്രകാരം വാങ്ങിച്ച ഉപകരണങ്ങളുടെ

സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് വേളയിൽ ആവശ്യപ്പെട്ടപ്പോൾ അപ്പോൾ തയ്യാറാക്കി ഹാജരാക്കിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾ ഹാർഡ് വെയർ രജിസ്റ്ററിലും, പ്രിന്ററർ, സ്ക്കാനർ എന്നിവ ടൂൾസ്& പ്ലാന്റസ് രജിസ്റ്ററിലുമാണ് രേഖപ്പെടുത്തി ഹാജരാക്കിയത്.

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, സംരക്ഷണം മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലർ ത സ്വ ഭ വ - എ ബി2/703/2015 തീയതി 16-1-2016 പ്രകാരം കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ഓൺലൈൻ സ്റ്റോക്ക് എൻട്രി നടത്തേണ്ടതുമാണെന്നും, കമ്പ്യൂട്ടറുകളുടെ മൊത്തത്തിലുള്ള നിയന്ത്രണം ഒരു ഉദ്യോഗസ്ഥന് നൽകേണ്ടതാണെന്നും, യഥാർത്ഥ ആവശ്യത്തിനായി മാത്രമേ കമ്പ്യൂട്ടറുകൾ വാങ്ങാവൂഎന്നും, ഇ വേസ്റ്റ് നിർമ്മാർജ്ജനത്തിനായി

നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഓഫീസിലും, ഓഫീസ് കോംപൗണ്ടിൽ പ്രവർത്തിക്കുന്ന കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും കൂടി, മുൻവർഷങ്ങളിൽ വാങ്ങിയത് ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് ക്രമ നമ്പർ,പ്രോജക്ട് നമ്പർ, വാങ്ങിച്ച വർഷം എന്നിവ രേഖപ്പെടുത്തുകയും, സ്റ്റോക്ക് രജിസ്റ്ററും ആസ്തിരജിസ്റ്ററും അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 3-10 സെർവ്വർ ഓപ്പറേറ്റിംഗ് സിസ്റ്റം കെൽട്രോണിൽ നിന്നും ടെണ്ടർ ഒഴിവാക്കി വാങ്ങിച്ചത് -ഉത്തരവിന്റെ ലംഘനം

| | |
|---|---|
| നിർവ്വഹണ | സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസിലേയ്ക്ക് സെർവ്വർ ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങൽ |
| പ്രോജക്ട് നം | 31/18 |
| അടങ്കൽ | 65,000(വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 64,600 |
| ബിൽ നം &തീയതി | 4തീയതി -15-7-2017- |

പഞ്ചായത്ത് ഓഫീസിലേയ്ക്ക് സെർവ്വർ ഓപ്പറേറ്റിംഗ് സിസ്റ്റം ,ടെണ്ടർ നടപടികൾ ഇല്ലാതെ ഓട്ടോണോമസ്

സ്ഥാപനമായ കെൽട്രോണിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്. പി ഡബ്ല്യൂ ഡി - ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും, ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിചിട്ടില്ല. ലഭ്യമാക്കിയ ഉപകരണങ്ങൾ നിശ്ചിത സ്പെസിഫിക്കേഷനോട് കൂടിയതാണെന്ന് പി ഡബ്ല്യൂ ഡി ഇലക്ട്രോണിക്സ് വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സർക്കാർ ഉത്തരവ് (സാധാ) 3299/2016 തസ്വഭവ തീയതി 2-12-2016 പ്രകാരം ടെണ്ടർ നടപടികൾഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ ,അർദ്ധ സർക്കാർ,ഗവൺമെന്റ് അംഗീകൃത ഏജൻസീകൾ എന്നിവയിൽ നിന്ന് വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ. -19 തീയതി15/3/2019കെൽട്രോൺ സ്വന്തമായി കമ്പ്യൂട്ടർ നിർമ്മിയ്ക്കുന്നുണ്ട് എന്നതിനാലാണ് പർച്ചേസ് ഓർഡർനൽകിയതെന്നും, സാധനം ലഭ്യമായതിനു ശേഷമാണ് കെൽട്രോൺ നിർമ്മിക്കുന്നില്ല എന്ന് അറിവായതെന്നാണ് മറുപടി നൽകിയത്. ഭാവിയിൽ സർക്കാർഉത്തരവുകൾ പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്തേണ്ടതാണ്.

## 3-11 ബസ് സ്റ്റാൻഡിലേയ്ക്ക് രണ്ട് ഹൈമാസ്റ്റ് ലൈറ്റും ,മാർക്കറ്റ് സെന്ററിലേയ്ക്ക് സോളാർ പാനലും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ,വിനിയോഗിക്കാത്ത ₹ 5,93,479 തിരികെ

# ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | കണിച്ചാർ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡിലേയ്ക്ക് രണ്ട് ഹൈമാസ്റ്റ് ലൈറ്റും ,മാർക്കറ്റ് സെന്ററിലേയ്ക്ക് സോളാർ പാനലും,മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| പ്രോജക്ട് നം | 96/18 |
| അടങ്കൽ | 18,00,000(വികസന ഫണ്ട് - ലോകബാങ്ക് -കേന്ദ്രവിഹിതം) |
| ചെലവ് | 18,00,000 |

| | |
|---|---|
| എസ്റ്റിമേറ്റ് | 13,40,000 & 4,60,000 |
| ബിൽ നം &തീയതി | 10/21-8-2017 |

കണിച്ചാർ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡിലേയ്ക്ക് രണ്ട് ഹൈമാസ്റ്റ് ലൈറ്റും, മാർക്കറ്റ് സെന്ററിലേയ്ക്ക സോളാർ പാനലും, മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതിയ്ക്ക് വേണ്ടി ₹ 18,00,000 എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി ഡബ്ല്യൂ ഡി ഇലക്ടിക്കൽ സെക്ഷൻ, കോഴിക്കോടിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (ചെലാൻ നം- 3404 തീയതി 23-8-2017) ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാൻഡിലേയ്ക്ക് ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിച്ചതിന് ₹ 12,06,521യുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കിയുള്ള ₹ 5,93,479 തിരികെ

ഈടാക്കിയിട്ടില്ല. ബാക്കിയുള്ള തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നറിയിച്ച് കൊണ്ട് 23-4-2018ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിയ്ക്ക് കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി 10-10-2018 ന് ബാക്കി തുക നിക്ഷേപിക്കുന്നതിന് അക്കൗണ്ട് വിവരങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും തുക തിരികെ ലഭ്യമായിട്ടില്ല . ഇത് ധനവിനിയോഗത്തിലെ ജാഗ്രതക്കുറവായി ഓഡിറ്റിൽ വിലയിരുത്തുന്നു .₹ 5,93,479 , നാളിതുവരെയുള്ള പലിശ സഹിതം ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 36 തീയതി . 19-3-2019)

## 3-12 വൈദ്യുതീകരണം :-വയറിംഗ് പ്രവൃത്തി

**പൂർത്തിയായി 15 മാസം കഴിഞ്ഞിട്ടും വൈദ്യുതി ലഭിച്ചില്ല -നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്**

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

| | | |
|---|---|---|
| ക്രമനം-1 | പ്രോജക്ട് | അംഗൻ വാടി വൈദ്യുതീകരണം (എ്വലപ്പീടിക ,തുടിയാട് അംഗൻ വാടി) |
| | പ്രോജക്ട് നം | 94/18 |
| | അടങ്കൽ | 82,500(സംരക്ഷണഗ്രാന്റ് റോഡിതരം) |
| | ചെലവ് | 82,500 |

| | | |
|---|---|---|
| | ബിൽ നം &തീയതി | 17തീയതി -30-11-2017- |
| | എസ്റ്റിമേറ്റ് | 82,500 |
| | ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| | എം ബുക്ക് നം | 1/17-18 |
| | പ്രവൃത്തി മൂല്യം | 82,500 |
| ക്രമനം-2 | പ്രോജക്ട് | ആറ്റം ചേരി പട്ടിക വർഗ്ഗ കോളനി ശുചിത്വ കോംപ്ലക്സ് വൈദ്യുതികരണം |

| | | |
|---|---|---|
| | പ്രോജക്ട് നം | 91/18 |
| | അടങ്കൽ | 43,000(വികസന ഫണ്ട്- ടി എസ് പി ) |
| | ചെലവ് | 39,541 |
| | ബിൽ നം &തീയതി | 18തീയതി -22-11-2017- |
| | എസ്റ്റിമേറ്റ് | 42,000 |
| | ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| | എം ബുക്ക് നം | 2 |

| | | |
|---|---|---|
| | പ്രവൃത്തി മൂല്യം | 39,541 |

ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് നൽകിയ പിന്നാക്കിൾ ടെക്നോളജീസ്, ആഷിക് ടവർ, തലശ്ശേരി എന്ന സ്ഥാപനമാണ് പ്രവൃത്തി നടത്തിയത്. എന്നാൽ പ്രസ്തുത മൂന്ന് സ്ഥാപനങ്ങളിലും ഇതുവരെ വൈദ്യൂതി കണക്ഷൻ ലഭ്യമായിട്ടില്ല എന്നാണ് ഓഡിറ്റ് എൻകവയറിയ്ക്ക് മറുപടി ലഭ്യമാക്കിയത് (നമ്പർ.15തീയതി15-3-2019). വൈദ്യുതീകരണത്തിനായി വയറിംഗ് പ്രവൃത്തി പൂർത്തീകരിച്ച് ഒന്നരവർഷത്തോളമായിട്ടും വൈദ്യുതി ലഭ്യമാക്കിയില്ലായെന്നത് പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതകുറവാണ്. അതിനാൽ കണക്ഷൻ ലഭിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-13 ഡി.പി.സി അംഗീകരിച്ച പദ്ധതിക്കനുസൃതമായി നിർവ്വഹണം നടത്താതിനാൽ നിർവ്വഹണത്തിലെ സുതാര്യത നഷ്ടപ്പെടുന്നു.ചെലവ് തുക 9,46,000/- തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിലെ ജനങ്ങളിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിൽ തൊഴിൽ സൃഷ്ടിക്കുന്നതിനും വേണ്ടി രൂപീകരിച്ച പ്രോജക്ടുകളാണ് പെണ്ണാട് വിതരണം കറവപശു വിതരണം എന്നിവ. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ നൽകുന്നു

നിർവ്വഹണോദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

| ക്ര.നം. | പദ്ധതിയുടെ പേര് | വനിതകൾക്ക് പെണ്ണാട് വിതരണം |
|---|---|---|
| 1. | പ്രോജക്ട് നം | 43/18 |
| | അടങ്കൽ | 7,80,000/-( 3,90,000- വികസനഫണ്ട് )<br>( 3,90,000-ഗുണഭോക്തൃവിഹിതം<br>തദ്ദേശസ്വയംഭരണസ്ഥാപനം വഴി) |
| | ചെലവ് | 7,80,000/-( 3,90,000- വികസനഫണ്ട് )<br>( 3,90,000-ഗുണഭോക്തൃവിഹിതം) |
| | ബിൽനം | 7/17-18-16.1.2018 - 1,30,000/- |

| | | |
|---|---|---|
| | | 2/17-18- 12.1.2018- 2,30, 000/-<br>11/17-18- 12.2.2018 -30,000/- |
| 2. | പദ്ധതിയുടെ പേര് | ആട് വിതരണം എസ്.ടി. വനിത |
| | പ്രോജക്ട് നം | 47/18, |
| | അടങ്കൽ | 1,00,000/-(60,000/-ടി.എസ്.പി,40,000/- ഗുണഭോക്തൃവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപ നത്തിൽ അടക്കുന്നത്)) |
| | ചെലവ് | 80,000/-(48,000/- ടി.എസ്.പി, ബിൽനം .11/17-18 തീയ്യതി 30.1.2018 32,000/- ഗുണഭോക്തൃവിഹിതം) |

| | | |
|---|---|---|
| 3. | പദ്ധതിയുടെ പേര് | ആട് വിതരണം എസ്.സി. വനിത |
| | (പ്രോജക്ട്നം | 88/18, |
| | അടങ്കൽ | 80,000/-(48,000/-എസ്.സി.പി, 32,000/-ഗുണഭോക്തൃവിഹിതം തദ്ദേശ സ്വയം ഭരണസ്ഥാപനത്തിൽ അടക്കുന്നത്) |
| | ചെലവ് | 36,000/-എസ്.സി.പി,-24,000/-ബിൽനം. 5/17-18 തീയ്യതി 16.1.2018 ,12,000/-ഗുണഭോക്തൃവിഹിതം) |
| 4. | പദ്ധതിയുടെ പേര് | പശു വിതരണം എസ്.സി വനിത |
| | പ്രോജക്ട്നം | 54/18, |
| | അടങ്കൽ | 1,50,000/-(80,000/-എസ്.സി.പി, 60,000/- |

| | | |
|---|---|---|
| | | ഗുണഭോക്തൃവിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അടക്കുന്നത്, 10,000/-തനത്ഫണ്ട്) |
| | ചെലവ് | 50,000/-(എസ്.സി.പി,-30,000/- ബിൽനം.1/17-18 തീയ്യതി 12.1.2018 ,20,000/-ഗുണഭോക്തൃവിഹിതം) |

പ്രസ്തുത ക്രമനം 1ലെ പ്രോജക്ടിന് 2017-18 സാമ്പത്തികവർഷം വികസനഫണ്ടിൽനിന്ന് 3,90,000/- രൂപയും ഗുണഭോക്തൃവിഹിതമായി (തദ്ദേശസ്വയംഭരണസ്ഥാപനത്തിൽഅടക്കുന്നത്) 3,90,000/- രൂപയും ചേർത്ത് ആകെ 7,80.000/-രൂപയുടെ അടങ്കൽ തുക വകയിരുത്തിയിട്ടുണ്ട്. രണ്ട് പെണ്ണാടുകളടങ്ങിയ ഒരുയൂണിറ്റിന് 20,000/- രൂപനിരക്കിൽ 39 യൂണിറ്റ്

പെണ്ണാടുകളെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത് ആകെ വകയിരുത്തിയ 7,80,000/- രൂപയിൽ 50% വികസനഫണ്ടും,ബാക്കി 50%ഗുണഭോക്തൃവിഹിതവുമാണ്. അതായത് ഒരു ഗുണഭോക്താവിന് ആടുകളെ വാങ്ങുന്നതിന് നിശ്ചയിച്ച 20,000/-രൂപയിൽ 10,000/-രൂപ വികസനഫണ്ടിൽനിന്നുള്ള സബ്സിഡിയും,ബാക്കി 10,000/-രൂപ ഗുണഭോക്തൃവിഹിതമായി ഗുണഭോക്താവ് തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ഒടുക്കേണ്ടതുമാണ്.

ക്രമ നം 2ലെ ആട് വിതരണം( എസ്.ടി. വനിത) എന്ന പദ്ധതിക്ക് ആകെ നിശ്ചയിച്ച അടങ്കൽ തുക 1,00,000/രൂപയാണ് (60,000/-ടി.എസ്.പി,40,000/- ഗുണഭോക്തൃവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അടക്കുന്നത്) രണ്ട് പെണ്ണാടുകളടങ്ങിയ ഒരു യൂണിറ്റിന്

20000/- എന്ന നിരക്കിൽ 5 യൂണിറ്റ് പെണ്ണാടുകളെവാങ്ങുന്നതിന് വേണ്ടിയാണ് പദ്ധതി രൂപീകരിച്ചത് .60%വ ടി.എസ്.പി ഫണ്ടും 40% ഗുണഭോക്തൃവിഹിതവുമാണ് ഇതിനുവേണ്ടി നിശ്ചയിച്ചത് .

